പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 436 12.06.2012 -ലെ മറുപടി

അടൂർ ഡിപ്പോയിലെ ഷെഡ്യൂളുകളുടെ വിശദാംശം

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | അടൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിലെ നിലവിലുള്ള അംഗീകൃത ഷെഡ്യൂളുകളുടെയും, ബസുകളുടെയും വിവരം ലഭ്യമാക്കുമോ; | (എ) | അടൂരിൽ നിന്നും 59 ഷെഡ്യൂളുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.<br>അടൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 62 ബസ്സുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അടൂർ ഡിപ്പോയിൽ നിറുത്തലാക്കിയ ഷെഡ്യൂളുകളുടെ വിശദാംശം അറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അടൂർ ഡിപ്പോയിലെ ഷെഡ്യൂളുകൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടേയും കുറവ് കാരണം ചില ദിവസങ്ങളിൽ ചില സർവ്വീസുകൾ റദ്ദു ചെയ്യേണ്ടി വരാറുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അടൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ പുതിയതായി എത്ര ബസുകൾ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അടൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയതായി രണ്ട് ബസ്സുകൾ അനുവദിച്ച് നൽകിയിട്ടുണ്ട് |
| (ഡി) | യാത്രാ ക്ലേശം അധികമായുള്ള അടൂർ - ചാരുമൂട് - മാവേലിക്കര - ഹരിപ്പാട് റൂട്ടിൽ പുതിയതായി ബസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | അടൂർ - ചാരുംമൂട് - മാവേലിക്കര - ഹരിപ്പാട് റൂട്ടിൽ സർവ്വീസ് നടത്തുന്നതിലേയ്ക്കായി ഷെഡ്യൂളുകളൊന്നും തന്നെ അടൂർ ഡിപ്പോക്ക് അനുവദിച്ചിട്ടില്ല. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ഈ റൂട്ടിൽ പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷന് ഓഫീസർ